ii) യൂണിഫോം അലവൻസ് പ്രതിവർഷം 200 രൂപ

iii) യാത്രാബത്ത പ്രതിവർഷം 500 രൂപ

iv) സഹായിക്കുള്ള പ്രതിവർഷ അലവൻസ് 750 രൂപ.

v) വായനാ സഹായിക്കുള്ള പ്രതിവർഷ അലവൻസ് 500 രൂപ

vi) കണ്ണടയ്ക്കുള്ള അലവൻസ് പ്രതിവർഷം 100 രൂപ

(vii) 22960 കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവരുന്നുണ്ട്.

ശ്രീ. പി. നാരായണൻ : വികലാംഗർക്ക് കൃത്രിമ അവയവങ്ങൾ സൗജന്യമായി നൽകുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അപ്രകാരം ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ് : അതിന് പ്രത്യേകം സഹായമുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായമാണ്. അത് ഫലപ്രദമായി നടപ്പാക്കുന്നതാണ്.

ശ്രീ. പി. നാരായണൻ : സർക്കാർ സർവ്വീസിൽ താൽക്കാലിക ജീവനക്കാരായി എടുത്തിട്ടുള്ള വികലാംഗരെ സ്ഥിരപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ആളുകളെ സ്ഥിരപ്പെടുത്തി; ഇനി എത്രപേരെ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നു?

ശ്രീ. പി.ജെ. ജോസഫ് : സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ഈ കാര്യത്തിൽ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതിപ്പോൾ പ്രത്യേകമായി പരിശോധിക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. യു.എസ്. ശശി : വിദ്യാഭ്യാസത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം ഉന്നതവിദ്യാഭ്യാസത്തിനും ഈ സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : അതിന് പ്രത്യേകം നോട്ടീസുവേണം.

ശ്രീ. യു.എസ്. ശശി : ഇന്ന് നൽകിവരുന്ന സഹായം പരിമിതമാണ്. അത് വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. പി.ജെ. ജോസഫ് : കാലോചിതമായി വർദ്ധിപ്പിക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മി. സ്പീക്കർ : ചോദ്യം നമ്പർ 241

6 (*241) നെല്ലും മത്സ്യവും ഒരുമിച്ച് കൃഷി ചെയ്യുന്ന പദ്ധതി

ശ്രീ. എ. കണാരൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് നെല്ലും മത്സ്യവും ഒരുമിച്ച് കൃഷി ചെയ്യുന്ന പദ്ധതി ആദ്യമായി ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ സംസ്ഥാനത്ത് നെല്ലും മത്സ്യവും കൃഷി ചെയ്യുന്ന പദ്ധതി വിജയകരമായിരുന്നു എന്നു കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന സംയോജിത കൃഷിരീതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ജനകീയ മത്സ്യക്കൃഷി പദ്ധതിയുടെ മൂന്നാംവർഷത്തിൽ സംയോജിത കൃഷിരീതിക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) സംസ്ഥാനത്ത് നെല്ലും മത്സ്യവും ഒരുമിച്ച് കൃഷിചെയ്യുന്ന പദ്ധതി ആദ്യമായി പരീക്ഷിച്ചത് എറണാകുളം ജില്ലയിലെ ചില കർഷകരാണ്. പിന്നീട് ഈ രീതി പരീക്ഷണാടിസ്ഥാനത്തിൽ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ കീഴിൽ എറണാകുളം ജില്ലയിലുള്ള കൃഷി വിജ്ഞാന കേന്ദ്രത്തിലും, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കോട്ടയം ജില്ലയിലെ കുമരകത്തെ ഗവേഷണ കേന്ദ്രത്തിലും നടപ്പാക്കിയിരുന്നു.

(ബി) ഉണ്ട്.

(സി) നെൽക്കൃഷിക്കുശേഷമുള്ള ഇടവേളയിൽ മത്സ്യക്കൃഷി ചെയ്യുന്നത് വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഡി) നെൽക്കൃഷി നടത്തിയതിനുശേഷമുള്ള കാലയളവിൽ മത്സ്യകൃഷിയും കൊഞ്ചുകൃഷിയും ചെമ്മീൻകൃഷിയും നടത്തുന്ന പദ്ധതി വ്യാപിപ്പിക്കുന്നതിന് സർക്കാർ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കുട്ടനാടൻ ജലശേഖരങ്ങളിലും പൊക്കാളി പാടശേഖരങ്ങളിലും നെൽക്കൃഷിക്കുശേഷം യഥാക്രമം മത്സ്യ-കൊഞ്ചുകൃഷിയും ചെമ്മീൻകൃഷിയും നടത്തുന്നതിനുള്ള ഓരോ പദ്ധതികൾ അഡാക്കിന്റെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ കോട്ടയം ജില്ലയിലെ മത്സ്യകർഷക വികസന ഏജൻസി മത്സ്യ-നെല്ല് സംയോജിത കൃഷി വ്യാപിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

(ഇ) മത്സ്യോല്പാദനവും നെല്ലുല്പാദനവും ഒരുപോലെ വർദ്ധിപ്പിക്കുക, നെൽകർഷകർ, മത്സ്യകർഷകർ, കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സാമ്പത്തിക ഉന്നമനം, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കർഷകർക്ക് നെൽക്കൃഷിക്കുശേഷം പരിസ്ഥിതിക്കനുയോജ്യമായവിധത്തിൽ മത്സ്യക്കൃഷി ചെയ്യുന്നതിനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ നൽകുക എന്നിവയാണ് സംയോജിത കൃഷിരീതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(എഫ്) സംയോജിത മത്സ്യക്കൃഷിക്ക് ഇപ്പോൾത്തന്നെ ജനകീയ മത്സ്യക്കൃഷിയിൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ജനകീയ മത്സ്യക്കൃഷി പദ്ധതി പ്രകാരം നെൽക്കൃഷിക്ക് ഇടവിളയായി മത്സ്യ-ചെമ്മീൻകൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. കൊല്ലം, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ സംയോജിത മത്സ്യക്കൃഷി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന ജനകീയ മത്സ്യക്കൃഷി പദ്ധതികളിൽ നെൽക്കൃഷി, മത്സ്യക്കൃഷി, ചെമ്മീൻകൃഷി, കൊഞ്ചുകൃഷി തുടങ്ങിയ പല കൃഷി പദ്ധതികളും സംയോജിത രീതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എ. കണാരൻ : സർ, സംയോജിത മത്സ്യക്കൃഷി രീതികൊണ്ട് തൊഴിലാളികൾക്കെന്തെങ്കിലും പ്രയോജനം ലഭിക്കുമോ? മത്സ്യക്കൃഷി ചെയ്യുന്നത് വിജയകരമാണെന്നാണ് അങ്ങയുടെ ഉത്തരത്തിൽ പറയുന്നത്. ഇത് വിജയകരമാണെന്ന് പറയുന്നത് എന്തടിസ്ഥാനത്തിലാണ്? നെൽക്കൃഷി മേഖലയിൽ ജോലി കിട്ടുന്നതുപോലെ മത്സ്യത്തൊഴിലാളികൾക്ക് ജോലി കിട്ടുമോ; മത്സ്യക്കൃഷി എന്നപോലെ ചെമ്മീൻകൃഷി നടത്തി നെൽപ്പാടം തകരുന്ന അവസ്ഥ വന്നുചേരുമോ?

(ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, ഒരുപ്പൂ സംയോജിത കൃഷി രീതികൊണ്ട് തൊഴിലാളികൾക്ക് ദോഷം വരില്ല. പ്രയോജനം കിട്ടുന്നു എന്നുള്ളതാണ് പറയാനുള്ളത്. കാരണം ഒരുപ്പൂ മാത്രം കൃഷിചെയ്തിരുന്ന പാടങ്ങളിൽ നെൽക്കൃഷിക്കുശേഷം മത്സ്യക്കൃഷി ആരംഭിക്കുന്നതോടെ പുതിയ തൊഴിലവസരങ്ങൾ കിട്ടുന്നു. അതാണ് ആദ്യത്തെ പ്രയോജനം. 50 ഏക്കർ സ്ഥലത്ത് മത്സ്യകൃഷി ചെയ്യുമ്പോൾ 200 പുതിയ തൊഴിൽദിനങ്ങൾ ഉണ്ടാകുന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്. മത്സ്യം വിളവെടുക്കുക, ഐസ് ചെയ്യുക, പായ്ക്ക് ചെയ്യുക, വിപണനം നടത്തുക തുടങ്ങിയ അനുബന്ധ മേഖലകളിൽ തൊഴിലവസരവും തൊഴിലാളികൾക്ക് കിട്ടുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

7 (*242) എൻട്രൻസ് പരീക്ഷാ സെലക്ഷൻ നടപടി

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. പി.കെ.കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 ലെ പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിൽ പിന്നോക്ക സംവരണ സീറ്റുകളിൽ ക്രമക്കേടുകൾ നടന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഹൈക്കോടതി ഉത്തരവനുസരിച്ച് പുനഃക്രമീകരിച്ച എൻട്രൻസ് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ എൻട്രൻസ് കമ്മീഷണറുടെ ആഫീസിൽ നടന്ന റീ കൗൺസിലിംഗിൽ പിന്നോക്കസമുദായത്തിൽപ്പെട്ട അഞ്ചുപേർക്ക് അർഹതപ്പെട്ട സീറ്റുകൾ നിഷേധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly